compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഫെബ്രുവരി 03
Tuesday, 03rd February 2026

1201 മകരം 20
20th Makaram 1201

1947 മാഘം 14
14th Magha 1947

വാല്യം 15
Vol. XV

നമ്പർ / **No.** 5

Part III

Registration Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നാദാപുരം അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

നിരവത്ത് ജൂബിലി ചിറ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, കല്ലാച്ചി ബ്രാഞ്ചിനുവേണ്ടി മാനേജിംഗ് ഡയറക്ടർ ശ്രീ. ബിനീസ് ജോസഫ് മുമ്പനായി നിന്ന് ഈ ഓഫീസിൽ ₹ 10,00,000 സലയുള്ള ചിട്ടിയുടെ ഉറപ്പിലേക്കായി മുമ്പൻ ധനലക്ഷ്മി ബാങ്ക് തലശ്ശേരി ബ്രാഞ്ചിൽ 13-12-2022 തീയതിയിൽ ചിട്ടി മുതലിന് സമമായ ₹ 10,00,000, 012843700002610/1 നമ്പർ സ്ഥിര നിക്ഷേപ രശീത് ഈ ആഫീസിൽ ജാമ്യമായി 23-12-2022 തീയതിയിൽ നൽകിയിട്ടുള്ളതും ബഹു. ഡെപ്യൂട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും 24-1-2023 തീയതിയിൽ DRGKKD/2687/2022-CHT നമ്പർ മുൻകൂർ അനുമതി അനുവദിച്ചിട്ടുള്ളതുമാണ്. ടി ചിട്ടി നിശ്ചിത കാലാവധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതിനാലും ടി മുൻകൂർ അനുമതി കാലഹരണപ്പെട്ടതിനാലും ടി ജാമ്യ ബാധ്യത വിടർത്തി മുൻപന് തിരികെ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)

നാദാപുരം. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

തലയോലപ്പറമ്പ് അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

മുറിയാറ്റ് ചിറ്റ് ഫണ്ട് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി എം. എസ്. മനോഹരൻ തലയാളായി നിന്ന് ഈ ഓഫീസിൽ 19-10-2024 തീയതി സമർപ്പിച്ച അപേക്ഷയിൽ കോട്ടയം ചിട്ടി ഡെപ്യൂട്ടി രജിസ്ട്രാർ ഉത്തരവ് നമ്പർ DRGKTM/1063/2024-C-1 കോട്ടയം തീയതി 18-3-2024 പ്രകാരം അനുമതി നൽകിയ ₹ 3,00,000 മുതലുള്ള ചിട്ടിയുടെ ഉറപ്പിലേക്കായി മുമ്പൻ ഉജ്ജീവൻ ബാങ്ക് വൈക്കം ബ്രാഞ്ചിൽ 12-2-2024 തീയതിയിൽ മൂന്ന് ലക്ഷം രൂപ 1605130330001857 നമ്പർ സ്ഥിര നിക്ഷേപ രസീത് ഈ ഓഫീസിൽ ഈടാക്കി 12-2-2024 തീയതിയിൽ നൽകിയിട്ടുള്ളതാണ്. ചിട്ടി രജിസ്ട്രേഷൻ കഴിയുമ്പോൾ ചിട്ടി തീരുന്ന തീയതി ചിട്ടി സെക്യൂരിറ്റി കാലാവധി തീരുന്ന തീയതിക്ക് ശേഷമാകുന്നു. ആയതിനാൽ ജാമ്യ ബാദ്ധ്യത വിടർത്തി ടി നിക്ഷേപ തുക തിരികെ കിട്ടണമെന്ന് മുമ്പൻ ഈ ഓഫീസിൽ അപേക്ഷിച്ചിരുന്നതും ടി ചിട്ടി സംബന്ധമായി ഈ ഓഫീസിലെ രേഖകൾ പരിശോധിച്ചിൽ ചിറ്റാളൻമാർക്കോ സർക്കാരിനോ ഒരു വിധ തുകയും മുമ്പനിൽ നിന്നും ഈടാക്കുവാനില്ലന്നു എനിക്ക് ബോദ്ധ്യമായിട്ടുള്ളതാണ്. ആയതിനാൽ ടി ഡെപ്പോസിറ്റ് തുക ജാമ്യ ബാദ്ധ്യത വിടർത്തി മുമ്പന് തിരികെ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉള്ള പക്ഷം ആയത് ഈ പരസ്യം പ്രസിദ്ധീകരിച്ച തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)

തലയോലപ്പറമ്പ്. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൃശ്ശൂർ എക്സ് ഒഫിഷ്യോ ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

2025 ആഗസ്റ്റ് 6.

തൃശ്ശൂർ സബ്ബ് റെജിസ്ട്രാർ ആഫീസ് പരിധിയിലെ ചിലങ്ക ചിട്ടീസ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി തൃശ്ശൂർ താലൂക്ക് നടത്തറ വില്ലേജ് പൂച്ചെട്ടി ദേശത്ത് നടക്കലാൻ ജോസഫ് മകൻ ബിസിനസ്സ് 59 വയസ് ജോൺസൻ തലയാളായി മൂന്ന് ലക്ഷത്തി അറുപതിനായിരം (₹ 3,60,000) ആകെ ചിട്ടി തുകയായി പുതിയ ചിട്ടി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ ബഹു. തൃശ്ശൂർ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സിന്റെ 24-2-2024 തീയതിയിലെ DRGTSR/683/2024-സി1 നമ്പർ ഉത്തരവ് പ്രകാരം ചിട്ടി ആരംഭിക്കുന്നതിനുള്ള മുൻകൂർ അനുമതി ലഭിച്ചിട്ടുള്ളതായിരുന്നു. എന്നാൽ നാളിതുവരെ മേൽ മുൻകൂർ അനുമതി ലഭിച്ച ചിട്ടി ആരംഭിക്കുകയോ ആയതിനുവേണ്ടി പൊതുജനങ്ങളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ ചിട്ടി വരി സംഖ്യയോ മറ്റ് തുകകളോ കൈപ്പറ്റിയിട്ടില്ലെന്നും തലയാൾ സത്യവാങ് മൂലം ചെയ്തിട്ടുള്ളതും ആയതു സംബസിച്ച തൃശ്ശൂർ ചിട്ടി ഇൻസ്പെക്ടർ അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ടി ചിട്ടി സെക്യൂരിറ്റി വിടുതൽ നൽകുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് 13-5-2025 തീയതിയിലെ DRGTSR/1410/2025-സി1 നമ്പർ പ്രകാരം ബഹു. തൃശ്ശൂർ ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ് കത്ത് നൽകിയിട്ടുള്ളതാകുന്നു. ആയതിനാൽ ചിട്ടിയുടെ ഉറപ്പിലേക്കായി മുൻപൻ നൽകിയിട്ടുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് തൃശ്ശൂർ നോർത്ത് ശാഖ വക 24-1-2024 തീയതിയിലെ അക്കൗണ്ട് നമ്പർ 0376101000032241 പ്രകാരമുള്ള മൂന്ന് ലക്ഷത്തി അറുപതിനായിരം (₹ 3,60,000) രൂപയുടെ സ്ഥിരനിക്ഷേപ രസീതി ജാമ്യബാധ്യത വിടർത്തി മുൻപന് തിരികെ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത്, ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്ന തല്ലാത്തതുമാകുന്നു.

(ഒപ്പ്)

തൃശ്ശൂർ. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

മുക്കം അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

(1)

നിരവത്ത് ജൂബിലി ചിറ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, മുക്കം ബ്രാഞ്ചിനുവേണ്ടി മാനേജിംഗ് ഡയറക്ടർ ശ്രീ. ബിനീസ് ജോസഫ് മുമ്പനായി നിന്ന് ഈ ഓഫീസിൽ ₹ 2,00,000 സലയുള്ള ചിട്ടിയുടെ ഉറപ്പിലേക്കായി മുമ്പൻ പഞ്ചാബ് നാഷണൽ ബാങ്ക്, ഇരിട്ടി ബ്രാഞ്ചിൽ 29-2-2020 തീയതിയിൽ ചിട്ടി മുതലിന് സമമായ ₹ 2,00,000, 427800QP00001168 നമ്പർ സ്ഥിര നിക്ഷേപ രശീത് ഈ ആഫീസിൽ ജാമ്യമായി 19-3-2020 തീയതിയിൽ നൽകിയിട്ടുള്ളതും ബഹു. ഡെപ്യൂട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും 4-8-2020 തീയതിയിൽ B1-1591/2020 നമ്പർ മുൻകൂർ അനുമതി അനുവദിച്ചിട്ടുള്ളതുമാണ്. ടി ചിട്ടി നിശ്ചിത കാലാവധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതിനാലും ടി മുൻകൂർ അനുമതി കാലഹരണപ്പെട്ടതിനാലും ടി ജാമ്യ ബാധ്യത വിടർത്തി മുൻപന് തിരികെ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നിരവത്ത് ജൂബിലി ചിറ്റ്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, മുക്കം ബ്രാഞ്ചിനുവേണ്ടി മാനേജിംഗ് ഡയറക്ടർ ശ്രീ. ബിനീസ് ജോസഫ് മുമ്പനായി നിന്ന് ഈ ഓഫീസിൽ ₹ 3,00,000 സലയുള്ള ചിട്ടിയുടെ ഉറപ്പിലേയ്ക്കായി മുമ്പൻ സൗത്ത് ഇന്ത്യൻ ബാങ്ക്, ഇരിട്ടി ബ്രാഞ്ചിൽ 3-12-2021 തീയതിയിൽ ചിട്ടി മുതലിന് സമമായ ₹ 3,00,000 0611100000000911 നമ്പർ സ്ഥിരനിക്ഷേപ രശീത് ഈ ആഫീസിൽ ജാമ്യമായി 18-12-2021 തീയതിയിൽ നൽകിയിട്ടുള്ളതും ബഹു. ഡെപ്യൂട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും 1-2-2022 തീയതിയിൽ DRGKKD/3/2022-CHT നമ്പർ മുൻകൂർ അനുമതി അനുവദിച്ചിട്ടുള്ളതുമാണ്. ടി ചിട്ടി നിശ്ചിത കാലാവധിക്കുള്ളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാത്തതിനാലും ടി മുൻകൂർ അനുമതി കാലഹരണപ്പെട്ടതിനാലും ടി ജാമ്യബാധ്യത വിടർത്തി മുൻപന് തിരികെ കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തിയ തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതും അതിനുശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)

മുക്കം. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

കോഴിക്കോട് അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

(1)

ശ്രീ. ഗോകുലം ചിറ്റ്സ് & ഫിനാൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ബ്രാഞ്ച് കോഴിക്കോട് എന്ന കമ്പനി കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് ഓഫീസിൽ 2022-ാമാണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി 140/2022 നമ്പരായി രജിസ്റ്റർ ചെയ്ത് 25-8-2022-ന് ആരംഭിച്ച് 25-3-2024-ന് അവസാനിച്ച ₹ 2,00,000 (രണ്ട് ലക്ഷം മാത്രം) സലയുള്ള ചിട്ടിയുടെ ഉറപ്പിനായി ചിട്ടി സലയ്ക്ക്, The Catholic Syrian Bank Ltd. ബാങ്കിൽ നിന്നെടുത്ത ₹ 2,00,000-ന്റെ സ്ഥിര നിക്ഷേപ രശീതി ഈ ഓഫീസിൽ ജാമ്യമായി ഏൽപ്പിച്ചിരിക്കുന്നതും ടി ചിട്ടിയുടെ ബാക്കി പത്രങ്ങളെല്ലാം ക്രമപ്രകാരം ഓഡിറ്റ് ചെയ്ത് ഓഡിറ്റ് സർട്ടിഫിക്കറ്റ് യഥാകാലം ഈ ഓഫീസിൽ ഫയൽ ചെയ്തിട്ടുള്ളതും ടി ചിട്ടി സംബന്ധമായ ഇടപാടുകളെല്ലാം തീർന്നിരിക്കുന്നതായി കാണിച്ച് ജാമ്യബാദ്ധ്യത വിടുതൽ ചെയ്ത് നിക്ഷേപത്തുക തിരിച്ചുകിട്ടണമെന്ന് മുമ്പൻ അപേക്ഷിച്ചിരിക്കുന്നതും ചിട്ടി റൂൾ 26 (2) പ്രകാരം പരിശോധന നടത്തി സെക്യൂരിറ്റി തുക വിടുതൽ ചെയ്യുന്നതിന് ഇൻസ്പെക്ടർ ഓഫ് ചിറ്റ്സ് കോഴിക്കോടിന്റെ 19-6-2024-ലെ DRGKKD/1170/24-C1 നമ്പർ കത്തുപ്രകാരം ശുപാർശ ലഭിച്ചിട്ടുള്ളതും ചിട്ടി സംബന്ധമായി റിക്കാർഡുകൾ തിട്ടപ്പെടുത്തിയതിൽ ചിറ്റാളുകൾക്കോ ഗവൺമെന്റിനോ ചിട്ടി സംബന്ധമായി യാതൊരു തുകയും മുമ്പനിൽ നിന്ന് ഈടാക്കേണ്ടതായിട്ടില്ലെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാകയാൽ മേപ്പടി നിക്ഷേപത്തുക ജാമ്യബാദ്ധ്യതയിൽ നിന്ന് വിടർത്തി മുമ്പന് തിരിച്ചുകൊടുക്കുന്നതിൽ ആക്ഷേപമുണ്ടെങ്കിൽ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണ്ടതും അതിനുശേഷം വരുന്ന ആക്ഷേപങ്ങളെപ്പറ്റി ഗൗനിക്കുന്നതല്ലാത്തതുമാകുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

2025 ജൂലൈ 18.

ശ്രീ. ഗോകുലം ചിറ്റ്സ് & ഫിനാൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, ബ്രാഞ്ച് കോഴിക്കോട് എന്ന കമ്പനി കോഴിക്കോട് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് ഓഫീസിൽ 2022-ാമാണ്ട് ആഗസ്റ്റ് മാസം 25-ാം തീയതി 139/2022 നമ്പരായി രജിസ്റ്റർ ചെയ്ത് 25-8-2022-ന് ആരംഭിച്ച് 25-3-2024-ന് അവസാനിച്ച ₹ 5,00,000 (അഞ്ച് ലക്ഷം മാത്രം) സലയുള്ള ചിട്ടിയുടെ ഉറപ്പിനായി ചിട്ടി സലയ്ക്ക്, The Catholic Syrian Bank Ltd. ബാങ്കിൽ നിന്നെടുത്ത ₹ 5,00,000-ന്റെ സ്ഥിരനിക്ഷേപ രശീതി ഈ ഓഫീസിൽ ജാമ്യമായി ഏൽപ്പിച്ചിരിക്കുന്നതും ടി ചിട്ടിയുടെ ബാക്കി പത്രങ്ങളെല്ലാം ക്രമപ്രകാരം ഓഡിറ്റ് ചെയ്ത് ഓഡിറ്റ് സർട്ടിഫിക്കറ്റ് യഥാകാലം ഈ ഓഫീസിൽ ഫയൽ ചെയ്തിട്ടുള്ളതും ടി ചിട്ടി സംബന്ധമായ ഇടപാടുകളെല്ലാം തീർന്നിരിക്കുന്നതായി കാണിച്ച് ജാമ്യബാദ്ധ്യത വിടുതൽ ചെയ്ത് നിക്ഷേപത്തുക തിരിച്ചുകിട്ടണമെന്ന് മുമ്പൻ അപേക്ഷിച്ചിരിക്കുന്നതും ചിട്ടി റൂൾ 26 (2) പ്രകാരം പരിശോധന നടത്തി സെക്യൂരിറ്റി തുക വിടുതൽ ചെയ്യുന്നതിന് ഇൻസ്പെക്ടർ ഓഫ് ചിറ്റ്സ്, കോഴിക്കോടിന്റെ 19-6-2024-ലെ DRGKKD/1170/24-C1 നമ്പർ കത്തുപ്രകാരം ശുപാർശ ലഭിച്ചിട്ടുള്ളതും ചിട്ടി സംബന്ധമായി റിക്കാർഡുകൾ തിട്ടപ്പെടുത്തിയതിൽ ചിറ്റാളുകൾക്കോ ഗവൺമെന്റിനോ ചിട്ടി സംബന്ധമായി യാതൊരു തുകയും മുമ്പനിൽ നിന്ന് ഈടാക്കേണ്ടതായിട്ടില്ലെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതുമാകയാൽ മേപ്പടി നിക്ഷേപത്തുക ജാമ്യബാദ്ധ്യതയിൽ നിന്ന് വിടർത്തി മുമ്പന് തിരിച്ചു കൊടുക്കുന്നതിൽ ആക്ഷേപമുണ്ടെങ്കിൽ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണ്ടതും അതിനുശേഷം വരുന്ന ആക്ഷേപങ്ങളെപ്പറ്റി ഗൗനിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)

കോഴിക്കോട്. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

ചേളന്നൂർ അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ ഓഫീസിൽ നിന്നും പരസ്യം ചെയ്യുന്നത്.

ശ്രീ. ശിവമന ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബ്രാഞ്ച് കാക്കൂർ എന്ന കമ്പനി ചേളന്നൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് ഓഫീസിൽ 2017-ാമാണ്ട് ജൂൺ മാസം 18-ാം തീയതി 1/2017 നമ്പരായി രജിസ്റ്റർ ചെയ്ത് 18-6-2017-ന് ആരംഭിച്ച് 18-6-2019-ന് അവസാനിച്ച ₹ 25,000 (ഇരുപത്തി അയ്യായിരം രൂപ മാത്രം) സലയുള്ള ചിട്ടിയുടെ ഉറപ്പിനായി ചിട്ടി സലയ്ക്ക് കേരള ഗ്രാമീൺ ബാങ്ക്, നന്മണ്ട ബാങ്കിൽ നിന്നെടുത്ത 25,000 രൂപക്കുള്ള സ്ഥിരനിക്ഷേപ രശീതി ഈ ഓഫീസിൽ ജാമ്യമായി ഏൽപ്പിച്ചിരിക്കുന്നതും ടി ചിട്ടിയുടെ ബാക്കി പത്രങ്ങളെല്ലാം ക്രമപ്രകാരം ഓഡിറ്റ് ചെയ്ത് ഓഡിറ്റ് സർട്ടിഫിക്കറ്റ് യഥാകാലം ഈ ഓഫീസിൽ ഫയൽ ചെയ്തിട്ടുള്ളതും ടി ചിട്ടി സംബന്ധമായ ഇടപാടുകളെല്ലാം തീർന്നിരിക്കുന്നതായി കാണിച്ച് ജാമ്യബാധ്യത വിടുതൽ ചെയ്ത് നിക്ഷേപത്തുക തിരിച്ച് കിട്ടണമെന്ന് മുമ്പൻ അപേക്ഷിച്ചിരിക്കുന്നത് ചിട്ടി റൂൾ 26 (2) പ്രകാരം പരിശോധന നടത്തി സെക്യൂരിറ്റി തുക വിടുതൽ ചെയ്യുന്നതിന് ഇൻസ്പെക്ടർ ഓഫ് കോഴിക്കോടിന്റെ 30-6-2025 C.No. 97/20215 നമ്പർ കത്ത് പ്രകാരം ശുപാർശ ലഭിച്ചിട്ടുള്ളതും ചിട്ടി സംബന്ധമായി റെക്കോർഡുകൾ തിട്ടപ്പെടുത്തിയതിനാൽ ചിറ്റാളുകൾക്കോ ഗവൺമെന്റിനോ ചിട്ടി സംബന്ധമായി യാതൊരു തുകയും മുമ്പനിൽ നിന്ന് ഈടാക്കേണ്ടതായിട്ടില്ലെന്ന് എനിക്ക് ബോധ്യപ്പെട്ടിട്ടുള്ളതുമാകയാൽ മേപ്പടി നിക്ഷേപത്തുക ജാമ്യബാധ്യതയിൽ നിന്ന് വിടർത്തി മുമ്പന് തിരിച്ചു കൊടുക്കുന്നതിൽ ആക്ഷേപമുണ്ടെങ്കിൽ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ ഒരു മാസത്തിനകം ഈ ഓഫീസിൽ രേഖാമൂലം ബോധിപ്പിച്ചുകൊള്ളേണ്ടതും അതിനുശേഷം വരുന്ന ആക്ഷേപങ്ങളെപ്പറ്റി ഗൗനിക്കുന്നതല്ലാത്തതുമാകുന്നു.

(ഒപ്പ്)

ചേളന്നൂർ. അസിസ്റ്റന്റ് ചിട്ടി രജിസ്ട്രാർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.03 04:24:37 +05:30